(ബി) ധനകാര്യ വകപ്പിൽ ലഭ്യമാകുന്ന നിർദ്ദേശം അനുസരിച്ച് കോൺട്രാക്ടർ മാരുടെ ബില്ലുകളുടെ തുകയ്ക്കുള്ള ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതിനുള്ള സത്വരമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ കടിശ്ശിക തീർക്കുന്നതിന് കേന്ദ്രസഹായമായി ലഭിക്കുന്ന വരുമാനവും ഉപയോഗപ്പെടുത്തുന്നുണ്ട്.

ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ

102 (108) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകൾ ഓരോന്നിലെയും നിർദ്ദേശങ്ങൾ എത്രവീതമായിരുന്നു;വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും പൂർണ്ണമായും അതാത് വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) അതാത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ എത്രവീതമായിരുന്നു; വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ ; ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച നിർദ്ദേശങ്ങൾ എത്ര കോടിയുടേതായിരുന്നു ; അതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിനാവശ്യമായ തുക നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉപധനാഭ്യർത്ഥനകളിലൂടെയാണ് അനുവദിച്ച് വരുന്നത്. ഓരോ ബഡ്ജറ്റിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ച പുതിയ നിർദ്ദേശങ്ങൾക്ക് വേണ്ടി വരുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

	തുക കോടിയിൽ
2011-12	982.73
2012-13	1118.66
2013-14	1400.58
2014-15	1398.80
2015-16	1931.41

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും എണ്ണം

103 (109) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖജനാവിൽനിന്നും ശമ്പളം പറ്റുന്ന സർക്കാർ ജീവനക്കാർ എത്രയായിരുന്നു ; ഇപ്പോൾ എത്രപേരുണ്ട് ; ഇതിനിടയിൽ റിട്ടയർമെന്റ്/മരണം തുടങ്ങിയവ വഴി സർവ്വീസിൽനിന്നും ഒഴിവാക്കപ്പെട്ടവർ എത്ര ; സർക്കാർ നിർത്തൽചെയ്ത തസ്തികകൾ എത്ര; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ എത്ര ; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ എയഡഡ് മേഖലയിൽ എത്രയായിരുന്നു ;

(ബി) സംസ്ഥാനത്ത് സർവ്വീസിൽനിന്നും പെൻഷൻപറ്റി ഇപ്പോഴും പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിതലംമുതൽ സ്പെഷ്യൽ സെക്രട്ടറിതലംവരെ 263 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 269 ജീവനക്കാരുണ്ട്. റിട്ടയർമെന്റ്/മരണം തുടങ്ങിയവവഴി 233 പേർ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. തസ്തികകളൊന്നും നിർത്തലാക്കിയിട്ടില്ല. പുതുതായി 10 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ട്രഷറി വകുപ്പിൽനിന്നും ശമ്പളം പറ്റുന്ന 3534 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 3,606 ജീവനക്കാരുണ്ട്. ഇതിനിടയിൽ റിട്ടയർമെന്റ്/മരണം തുടങ്ങിയവ വഴി സർവ്വീസിൽ നിന്നും 389 പേർ ഒഴിവായിട്ടുണ്ട്. തസ്തികകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ 79 പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മറ്റ് പദവികളിലും വകുപ്പുകളിലുമുള്ള ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly